പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5089 | 15-11-2019-ലെ മറുപടിയ്ക്ക്

## കടാശ്വാസ കമ്മീഷൻ ഇളവ് ലഭിച്ച കർഷകർക്ക് രേഖകൾ യഥാസമയം ബാങ്കുകളിൽ നിന്നും ലഭിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി. കെ. ശശീന്ദ്രൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കർഷക കടാശ്വാസ കമ്മീഷന്റെ ഇളവ് പ്രകാരം കടാശ്വാസം ലഭിച്ച വ്യക്തികൾ കമ്മീഷൻ നിശ്ചയിച്ച തുക ബാങ്കിൽ അടച്ചിട്ടും പല ബാങ്കുകളിൽ നിന്നും കർഷകർക്ക് രേഖകൾ യഥാസമയം ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ), (ബി), (സി) & (ഡി) | കർഷകർക്ക് രേഖകൾ യഥാസമയം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സഹകരണ സ്ഥാപനങ്ങളിൽ/ ബാങ്കുകളിൽ നിന്നുള്ള വായ്പകൾക്ക് കർഷക കടാശ്വാസമായി അനുവദിച്ച് നൽകുന്ന തുക ബാങ്കിന് അർഹതപ്പെട്ടതാണെന്നും, ടി തുക ഉദ്ദേശ്യ ലക്ഷ്യത്തിനുതന്നെ വിനിയോഗിച്ചുവെന്ന് ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ ഉറപ്പ് വരുത്തേണ്ടതാണെന്നും, ആനുകൂല്യം ലഭിച്ച വായ്പക്കാരന്റെ പേരും, തുകയും, ബാങ്ക് നോട്ടീസ് ബോർഡിൽ വായ്പക്കാരന്റെ പരിശോധനയ്ക്കായി നിർബന്ധമായും പ്രദർശിപ്പിക്കേണ്ടതാണെന്നും ബാങ്കുകൾക്ക് നിർദ്ദേശം നൽകുകയും അപ്രകാരം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുകയും സഹകരണ സംഘം രജിസ്ട്രാർ ചെയ്യുന്നുണ്ട്. കടാശ്വാസം യഥാസമയം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | | |
| (സി) | കടാശ്വാസ കമ്മീഷൻ എഴുതിത്തള്ളാൻ തീരുമാനിച്ച ലോൺ കുടിശ്ശിക അതാത് ബാങ്കുകളിൽ യഥാസമയം എത്തുന്നുണ്ടോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | | |
| (ഡി) | ഇല്ലെങ്കിൽ ആയത് വേഗത്തിൽ ആക്കാൻ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ